# എന്റെ കഥ എന്റെ ജീവിതം

## ടി. പത്മനാഭൻ

ജീവിതമൂല്യങ്ങളെ എന്നും ചേർത്തുപിടിക്കുന്ന മലയാളത്തിന്റെ പ്രിയ കഥാകാരന്റെ എക്കാലവും പ്രസക്തമായ പ്രഭാഷണങ്ങളും ഏറ്റവും പുതിയ ഓർമക്കുറിപ്പുകളും. പ്രാർഥനാഭരിതമായ വാക്കുകളാൽ കാലം ആവശ്യപ്പെടുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഉൾപ്പെടുന്ന സംഭാഷണങ്ങൾ അടങ്ങിയ എന്റെ കഥ എന്റെ ജീവിതം എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ്.

വളരെ മൗലികമായ ചെറുകഥകൾ രചിച്ചുകൊണ്ട് ടി. പത്മനാഭൻ മലയാളത്തിന് മലയാളത്തിന്റെ തനതായ കഥാലോകം സൃഷ്ടിച്ചു. ഒരു സ്വാധീനത്തിനും വിധേയനാവാതെ, മലയാളത്തിലെത്തന്നെ അതുവരെയുള്ള എഴുത്തുരീതികളിൽ നിന്നു വഴിമാറി നടന്ന് അദ്ദേഹം തന്റേതായ ഒരു കഥാലോകം സൃഷ്ടിച്ചു. ആ പ്രക്രിയയിൽ ലോകത്തിലെത്തന്നെ അത്യുദാത്തമായ കഥകളുടെ ഉൽകൃഷ്ട നിലവാരത്തിലേക്ക് മലയാള കഥാലോകത്തെ അദ്ദേഹം ഉയർത്തിയെന്ന് അതിശയോക്തിയുടെ സ്പർശമില്ലാതെ പറയാം.

-പിണറായി വിജയൻ

Cover Photo: **Ajeeb Komachi**
Cover Design: Bineesh K Purakkal

2015 April • www.olivepublications.com

ഒലിവ്

Malayalam

**Ente Kadha Ente Jeevitham**
T. Padmanabhan

ISBN 978-93-85269-00-4

വില ₹ 110

എന്റെ കഥ എന്റെ ജീവിതം ടി. പത്മനാഭൻ

ടി. പത്മനാഭൻ

# എന്റെ കഥ എന്റെ ജീവിതം



8M4 PAD/E
CASMTVK
1315

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1315 Call No. 1315

This book should be returned on or before the date last given below.

| | | |
|---|---|---|
| 17-27<br>13 JUL 2018 | | |

8M4 PAD/E
CASMTVK
1315

ടി. പത്മനാഭൻ

# എന്റെ കഥ എന്റെ ജീവിതം

ഒലിവ്

വില 110 രൂപ

Malayalam (Indian)
**ENTE KADHA ENTE JEEVITHAM**
Essays
**T. Padmanabhan**

*First Olive Edition* : April, 2015
*ISBN* : 978-93-85269-00-4

•

All rights reserved. No part of this publication may be reproduced, Stored in a retrieval system. or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the Publisher.

•

*Cover* : Bineesh K. Purakkal *Typesetting* : Olive
*Printing* : Metro Offset, Feroke
© Author

•

*Publishers:* **Olive Publications** (Pvt.) Ltd.
East Nadakkavu, Kozhikode - 673 011. Phone : 0495-2765871, 4099086.
Web:www.olivepublications.com Email: olivepublication@gmail.com

•

***Branches:***
**Kozhikode:** Noor Complex, Mavoor Road
Ph: 0495-4099864. *E-mail: olivebooksclt@gmail.com*
**Kottayam:** Makil Centre, Good Shepherd Road,
Ph: 0481 3233332. *E-mail: olivebooksktm@gmail.com*
**Trivandrum:** Capitol Centre, Statue.
Ph: 0471 3998399. *E-mail: olivebookstvm@gmail.com*

•

*Rupees* : One Hundred and Ten

## നന്ദി

1988 ആഗസ്റ്റ് ഒടുവിലായിരിക്കണം, ഒരു ദിവസം രാവിലെ കോട്ടയത്തു നിന്ന് സാഹിത്യ പ്രവർത്തകസംഘത്തിന്റെ സെക്രട്ടറി ശ്രീ ഗോപി കൊടുങ്ങല്ലൂർ എന്നെ വിളിച്ചു പറഞ്ഞു:

"ഇത്തവണത്തെ കാരൂർ സ്മാരക പ്രസംഗം പത്മനാഭൻ ചെയ്യണം." കാരൂർ നീലകണ്ഠപ്പിള്ളയെ എന്നും ബഹുമാനിച്ചു പോന്നിരുന്ന എനിക്ക് ഇതുകേട്ടപ്പോൾ വളരെ സന്തോഷം തോന്നി. എങ്കിലും ഞാൻ പറഞ്ഞു:

"ഗോപീ, ഞാനൊരു പ്രസംഗകനൊന്നുമല്ലല്ലോ, പിന്നെ... എന്തു വിഷയത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കേണ്ടത്?"

അപ്പോൾ ഗോപി പറഞ്ഞു:

"മലയാള ചെറുകഥയുടെ ഇന്നത്തെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചുകൂടേ?"

എന്നിട്ട് ഗോപി തന്നെ വിഷയവും നിർദ്ദേശിച്ചു:

"മലയാള ചെറുകഥ ഇന്ന്: സമസ്യകളും സമീപനങ്ങളും..."

എന്റെ കാരൂർ പ്രഭാഷണത്തിന്റെ ആരംഭം ഇങ്ങനെയായിരുന്നു.

എഴുതി തയ്യാറാക്കിയ പ്രസംഗം ഞാൻ വായിക്കയാണുണ്ടായത്.

പ്രസംഗത്തിന്റെ ടെക്സ്റ്റ് 'കലാകൗമുദി' യിൽ പ്രസിദ്ധീകരിക്കണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. പക്ഷേ, പ്രസംഗവേദിയിൽ നിന്നിറങ്ങുന്നതിനു മുമ്പായിത്തന്നെ 'ദേശാഭിമാനി' യിലെ എന്റെ സുഹൃത്ത് സിദ്ധാർഥൻ പരുത്തിക്കാട് സ്ക്രിപ്റ്റ് എന്നിൽനിന്ന് വാങ്ങിയിട്ട് പറഞ്ഞു:

"ഇത് ഞങ്ങൾക്ക് വേണം."

ഞാനതിന് മുടക്കം പറഞ്ഞില്ല. സത്യത്തിൽ ഞാനപ്പോൾ വിചാരിച്ചത് പിറ്റേ ദിവസത്തെ പേപ്പറിൽ റിപ്പോർട്ട് കൊടുക്കുന്നതിനു വേണ്ടിയാണ് സിദ്ധാർഥൻ അത് വാങ്ങിയത് എന്നായിരുന്നു. പക്ഷേ, ദേശാഭിമാനി വാരികയിൽ പ്രസംഗം പൂർണമായും പ്രസിദ്ധീകരിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുകയായിരുന്നു സിദ്ധാർഥന്റെ ഉദ്ദേശ്യം. ഇത് പിന്നീടാണ് മനസ്സിലായത്. ഞാനപ്പോഴേക്കും പ്രസംഗത്തിന്റെ ടെക്സ്റ്റ് കലാകൗമുദിക്കയച്ചു കഴിഞ്ഞിരുന്നു.